**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5187** — **14-03-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് പാറശാല മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു ; വില്ലേജ് തിരിച്ചുള്ള വിവരം അറിയിക്കുമോ; | (എ) | **പാറശാല മണ്ഡലത്തിൽ നിന്നും 490 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**<br><br>**കള്ളിക്കാട് - 18**<br><br>**കീഴാറ്റൂർ - 33**<br><br>**ഒറ്റശേഖരമംഗലം - 36**<br><br>**അമ്പൂരി - 6**<br><br>**വാഴിച്ചൽ - 9**<br><br>**പാറശ്ശാല - 94**<br><br>**പരശുവയ്ക്കൽ - 43**<br><br>**കുന്നത്തുകാൽ - 63**<br><br>**ആനാവൂർ - 31**<br><br>**പെരുങ്കടവിള - 30**<br><br>**കൊല്ലയിൽ - 65**<br><br>**വെള്ളറട - 62** |
| (ബി) | ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള വിശദാംശം നൽകുമോ; | (ബി) | 470 അപേക്ഷകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു<br><br>കള്ളിക്കാട് - 18<br><br>കീഴാറ്റൂർ - 33<br><br>ഒറ്റശേഖരമംഗലം - 36<br><br>അമ്പൂരി - 6<br><br>വാഴിച്ചൽ - 9 |

| | | | |
|---|---|---|---|
| | | | പാറശ്ശാല - 89<br><br>പരശുവയ്ക്കൽ - 39<br><br>കുന്നത്തുകാൽ - 61<br><br>ആനാവൂർ - 29<br><br>പെരുങ്കടവിള - 28<br><br>കൊല്ലയിൽ - 61<br><br>വെള്ളറട - 61 |
| (സി) | ഇനി എത്രപേർക്ക് ധനസഹായം അനുവദിക്കാനുണ്ടെന്നും ഇവർക്കുള്ള ധനസഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാനാകും എന്നത് സംബന്ധിച്ചുള്ള വിശദാംശം വില്ലേജ് തിരിച്ച് നൽകാമോ; | (സി) | കോവിഡ് ധനസഹായത്തിന് ലഭ്യമായ അപേക്ഷകളിൽ 13 എണ്ണം വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിലൂടെയല്ലാതെ ലഭിച്ച 7 അപേക്ഷകൾ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അധ്യക്ഷനായ പരാതിപരിഹാര കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടിവരുന്ന ചെലവ് സംസ്ഥാനം തന്നെയാണോ വഹിക്കുന്നത്; ആയതിലേയ്ക്കായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | **കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയ്ക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്. കേന്ദ്ര ധനസഹായം അനുവദിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ